**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171.** **16.02.2016 ന് മറുപടിയ്ക്ക്**

## മയക്ക്മരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.സി.പി.മുഹമ്മദ്**<br>**,, എം.എ. വാഹീദ്**<br>**,, ഹൈബി ഈഡൻ** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് മയക്ക്മരുന്ന് വ്യാപനം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് മദ്യ, മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി 2015, ജൂൺ 15 മുതൽ ജൂലൈ 15 വരെ **"ഓപ്പറേഷൻ മൂൺഷൈൻ"** എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) മയക്കുമരുന്നുകളുടെ ഉല്പാദനം, വിതരണം, വിപണനം എന്നിവ ഫലപ്രദമായി തടയുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങൾ തടയുന്നതിനോടൊപ്പംതന്നെ യുവതലമുറയെ മയക്കുമരുന്നിന്റെ നീരാളിപ്പിടുത്തത്തിൽ നിന്ന് രക്ഷപെടുത്തുവാനും സർക്കാർ ഇത്തരം നടപടികളിലൂടെ ലക്ഷ്യമിടുന്നു. നിലവിൽ മയക്കുമരുന്നിന് അടിമപ്പെട്ടവരെ കണ്ടെത്തി ആവശ്യമായ ചികിത്സയും പുനരധിവാസ പദ്ധതികളും നടപ്പിലാക്കി അവരെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുവാനുള്ള പദ്ധതികളും സർക്കാർ രൂപകല്പന ചെയ്തു വരുന്നു. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) മയക്കുമരുന്നുകളുടെ ഉൽപ്പാദനവും വിതരണവും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് |

പ്രവർത്തനം നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയപാതയിലും മറ്റു പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട് കേരളത്തിലേയ്ക്ക് മയക്കുമരുന്നുകൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തു നിന്നും കടത്തിക്കൊണ്ടു വരാനുള്ള സാധ്യതകൾ മുന്നിൽക്കണ്ട് എല്ലാ ചെക്ക് പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും മയക്കുമരുന്നുകളുടെ നിർമ്മാണം, വില്പന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും, ജനകീയ കമ്മിറ്റികൾ യഥാ

സമയം കൂടിയും, പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും മയക്കുമരുന്നുകളുടെ വില്പനക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ മദ്യ-മയക്കുമരുന്നു വ്യാപനത്തിനെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2015, ജൂൺ 15 മുതൽ ജൂലൈ 15 വരെ **"ഓപ്പറേഷൻ മൂൺഷൈൻ"** എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ്

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.<br>മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനത്തിനെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു ജോയിന്റ് എക്സൈസ് കമ്മിഷണറുടെ നേതൃത്വത്തിൽ ബോധവത്ക്കരണ വിഭാഗം രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചുവരുകയും ചെയ്യുന്നുണ്ട്<br>സ്കൂൾ/കോളേജ്തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്നിനെതിരെയുള്ള അവബോധം വളർത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ അദ്ധ്യാപകർക്കായി 'അതിജീവനം' എന്ന കൈപ്പുസ്തകവും ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കായി 'ലഹരി' എന്ന പുസ്തകവും അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**